"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-മേലുകാവ് പോലീസ് സ്റ്റേഷനിലെ SI (G) ശ്രീ.നാസർ പി.ജെ. മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2340/2025/HOME തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:- 1. 24/08/2017 തീയതിയിലെ സ.ഉ(പി)നം.112/2017/ധനം നമ്പർ ഉത്തരവ്

2. സംസ്ഥാന പോലീസ് മേധാവിയുടെ 10/06/2025 തീയതിയിലെ ഇ5-112763/2025/PHQ നമ്പർ കത്ത്

**ഉത്തരവ്**

മേലുകാവ് പോലീസ് സ്റ്റേഷനിലെ SI (G) ശ്രീ.നാസർ പി.ജെ. 31/05/2024-ന് സ്റ്റേഷൻ ഡ്യൂട്ടിക്കായി വരുന്ന വഴിക്ക് പാലാ മുണ്ടക്കൽ ഭാഗത്ത് വച്ച് ടിയാൻ ഓടിച്ചിരുന്ന സ്കൂട്ടർ അപകടത്തിൽപെട്ട് ചികിത്സയിലായിരുന്നതും, തുടർന്ന് അവധിയിൽ പ്രവേശിച്ചതുമായ 31/05/2024 തീയതി മുതൽ 28/07/2024 വരെയുള്ള 59 ദിവസത്തെ കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും, സംസ്ഥാന പോലീസ് മേധാവി ആയത് ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.നാസർ പി.ജെ.-ക്ക് സംഭവിച്ച പരിക്ക് ഡ്യൂട്ടിയ്ക്കിടയിലാണെന്ന് കോട്ടയം ജില്ലാ പോലീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 29/07/2024 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി വ്യക്തമാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ മേലുകാവ് പോലീസ് സ്റ്റേഷനിലെ SI (G) ശ്രീ.നാസർ പി.ജെ.-ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 31/05/2024 തീയതി മുതൽ 28/07/2024 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.നാസർ പി.ജെ., SI (G) (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sini George

Date: 11-07-2025 14:57:06

സെക്ഷൻ ഓഫീസർ